# സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട്, കൊട്ടാരക്കര

## ഭരണ റിപ്പോർട്ട് 2014-15

### I. സ്ഥാപനത്തെ സംബന്ധിച്ച വിവരണം.

ഗ്രാമവികസന പരിപാടികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെയും അനുദ്യോഗസ്ഥന്മാരുടെയും പരിശീലനത്തിനുള്ള മുഖ്യസ്ഥാപനമാണ് കൊട്ടാരക്കരയിലെ സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിട്യൂട്ട്. ജില്ലാ ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റിലെ പ്രോജക്ട് ഡയറക്ടർമാർ, അസി: ഡവലപ്പ്മെന്റ് കമ്മീഷണർമാർ, വകുപ്പിലെ സംസ്ഥാന/ജില്ലാതല ഉദ്യോഗസ്ഥർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ എന്നിവർക്കും വിവിധവകുപ്പുകളിലെ ജില്ലാ-ബ്ലോക്കുതല ഉദ്യോഗസ്ഥർക്കു മാണ് ഇവിടെ പരിശീലനം നൽകുന്നത്. പഞ്ചായത്തീരാജ് സംവിധാനം, ദാരിദ്ര്യ ലഘൂകരണ പദ്ധ തികൾ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഇന്ദിര ആവാസ് യോജന, ലാബ് ടു ലാന്റ് ഇനിഷ്യേറ്റീവ്, പ്രാദേശിക സാമ്പത്തിക വികസനം, കമ്പ്യൂട്ടർ അധിഷ്ഠിത പരിശീലനം, വിവരാവകാശ നിയമം 2005, നീർത്തട വികസനം, സ്വച്ച് ഭാരത് മിഷൻ, രാജീവ് ഗാന്ധി പഞ്ചായത്ത് സശാക്തീകരൺ അഭിയാൻ തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. കൂടാതെ ത്രിതല പഞ്ചായത്ത് അദ്ധ്യ ക്ഷൻമാർക്കും അംഗങ്ങൾക്കും സന്നദ്ധ സംഘടനാ പ്രതിനിധികൾക്കും പരിശീലനം നൽകിവരുന്നു.

ഗ്രാമവികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം, പ്രാദേശിക ആസൂത്രണം തുടങ്ങിയവയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ, പഠനങ്ങൾ എന്നിവ എസ്. ഐ. ആർ. ഡിയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു. ഗ്രാമവികസന വകുപ്പുമന്ത്രി അദ്ധ്യക്ഷനായുള്ള ഗവേണിംഗ് ബോഡിയും, ഗ്രാമവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുമാണ് ഇൻസ്റ്റിട്യൂട്ടിന്റെ ഭരണം നിയന്ത്രിക്കുന്നത്. ഗ്രാമവികസന വകുപ്പിലെ ജോയിന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ പദവിയിലുള്ള ഡയറക്ടർ ആണ് സ്ഥാപനത്തിന്റെ ദൈനംദിന ഭരണനിർവ്വഹണം നട ത്തുന്നത്. എസ്. ഐ. ആർ. ഡിയുടെ ആവർത്തന ചെലവുകൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിൽ വഹിച്ചു വരുന്നു.

## II. മനുഷ്യ വിഭവശേഷി

സംസ്ഥാന ഗ്രാമ വികസന ഇൻസ്റ്റിറ്റ്യൂട്ടിലെ അംഗീകൃത തസ്തികകൾ സംബന്ധിച്ച വിവരങ്ങൾ താഴെകൊടുക്കുന്നു.

| നമ്പർ | തസ്തിക | അംഗീകരിച്ച എണ്ണം | നിലവിലുള്ളത് (സ്ഥിരം/ഡെപ്യൂട്ടേഷൻ/ കോൺട്രാക്ട്/ ദിവസ വേതനം | ഒഴിവുള്ളത് |
|---|---|---|---|---|
| 1 | ഡയറക്ടർ | 1 | 1 (സ്ഥിരം തസ്തിക- ഗ്രാമവികസന വകുപ്പിലെ ജോയിന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ) | 0 |
| 2 | സെക്രട്ടറി | 1 | 1 (സ്ഥിരം തസ്തിക- ഗ്രാമവികസന വകുപ്പിലെ ഡെപ്യൂട്ടി ഡെവലപ്പ്മെന്റ് കമ്മീഷണർ) | 0 |
| **ഫാക്കൽറ്റി അംഗങ്ങൾ** | | | | |
| 1 | പബ്ലിക് അഡ്മിനിസ്ട്രേഷൻ | 1 | 1 (സ്ഥിരം) | 0 |
| 2 | സോഷ്യോളജി | 1 | 1 (കോൺട്രാക്ട്) | 0 |
| 3 | റൂറൽ ഡെവലപ്പ്മെന്റ് | 1 | 0 (സ്ഥിരം തസ്തിക - ഗ്രാമവികസന വകുപ്പിലെ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ) | 1 |
| 4 | മാനേജ്മെന്റ് | 1 | 1 (കോൺട്രാക്ട്) | 0 |
| 5 | റൂറൽ എക്കണോമിക്സ് | 1 | 1 (കോൺട്രാക്ട്) | 0 |
| **മിനിസ്റ്റീരിയൽ സ്റ്റാഫ്** | | | | |
| 1 | ഓഫീസ് മാനേജർ | 1 | 1 (ഡെപ്യൂട്ടേഷൻ) | 0 |
| 2 | ഫിനാൻഷ്യൽ അസിസ്റ്റന്റ് | 1 | 1 (ദിവസ വേതനം) | 0 |
| 3 | അസിസ്റ്റന്റ് | 4 | 4 (ഡെപ്യൂട്ടേഷൻ) | 0 |
| 4 | ടൈപ്പിസ്റ്റ് | 2 | 1 (സ്ഥിരം) 1 -ദിവസവേതനം | 0 |
| 5 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 | 1 (ഡെപ്യൂട്ടേഷൻ) | 0 |
| 6 | ആഡിയോ വിഷൽ ടെക്നീഷ്യൻ | 1 | 1 (സ്ഥിരം) | 0 |
| 7 | ഡ്രൈവർ | 3 | 2 (സ്ഥിരം) 1 -ദിവസവേതനം | 0 |
| 8 | ഓഫീസ് അറ്റൻഡന്റ് | 2 | 2(സ്ഥിരം) | 0 |
| 9 | വാച്ച്മാൻ | 2 | 2 (ദിവസ വേതനം) | 0 |
| 10 | ഗാർഡനർ | 1 | | |
| 11 | പാർട്ട് ടൈം സ്വീപ്പർ | 1 | 1 (സ്ഥിരം) | 0 |
| **ഹോസ്റ്റൽ സ്റ്റാഫ്** | | | | |
| 1 | ഹോസ്റ്റൽ മാനേജർ | 1 | 1 (ഡെപ്യൂട്ടേഷൻ) | 0 |
| 2 | കുക്ക് | 1 | 1 (സ്ഥിരം) | 0 |
| 3 | കിച്ചൺ ഹെൽപ്പർ | 1 | 1 (സ്ഥിരം) | 0 |
| 4 | ഹോസ്റ്റൽ ബോയ് | 2 | 1(സ്ഥിരം), 1(ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു.) | 0 |
| 5 | മെസ് ക്ലീനർ | 1 | 1 | 0 |

| | | | | |
|---|---|---|---|---|
| 6 | ഹോസ്റ്റൽ ക്ലീനർ | 1 | ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു. | 1 |
| | Total | 33 | 31 | 2 |

**ആർ ജി പി എസ് എ സ്കീം**

| നമ്പർ | തസ്തിക | അംഗീകരിച്ച എണ്ണം | നിലവിലുള്ളത് (സ്ഥിരം/ഡെപ്യൂട്ടേഷൻ/ കോൺട്രാക്ട്/ ദിവസ വേതനം | ഒഴിവുള്ളത് |
|---|---|---|---|---|
| 1 | സ്പെഷ്യലിസ്റ്റ്- സോഷ്യോളജി | 1 | 1 (കോൺട്രാക്ട്) | 0 |
| 2 | സ്പെഷ്യലിസ്റ്റ്- വിമൺ സ്റ്റഡീസ് | 1 | 1 (കോൺട്രാക്ട്) | 0 |
| 3 | അക്കൗണ്ടന്റ് | 1 | 1 (കോൺട്രാക്ട്) | 0 |

**കെ എൽ ജി എസ് ഡി പി- ലോക ബാങ്ക് പ്രോജക്ട്**

| നമ്പർ | തസ്തിക | അംഗീകരിച്ച എണ്ണം | നിലവിലുള്ളത് (സ്ഥിരം/ഡെപ്യൂട്ടേഷൻ/ കോൺട്രാക്ട്/ ദിവസ വേതനം | ഒഴിവുള്ളത് |
|---|---|---|---|---|
| 1 | ഫാക്കൽറ്റി- എൻ ആർ എം | 1 | 1 (കോൺട്രാക്ട്) | 0 |

**സി ജി എ ആർ ഡി സെന്റർ- ജി ഐ എസ് ലാബ്**

| നമ്പർ | തസ്തിക | അംഗീകരിച്ച എണ്ണം | നിലവിലുള്ളത് (സ്ഥിരം/ഡെപ്യൂട്ടേഷൻ/ കോൺട്രാക്ട്/ ദിവസ വേതനം | ഒഴിവുള്ളത് |
|---|---|---|---|---|
| 1 | പ്രോജക്ട് എൻജിനീയർ | 2 | 2 (കോൺട്രാക്ട്) | 0 |

## III. A. 2014-15 സാമ്പത്തിക വർഷത്തെ (31.3.2015) പദ്ധതി (പ്ലാൻ) പുരോഗതി റിപ്പോർട്ട്

| പദ്ധതിയുടെ പേര് | മുൻവർഷത്തെ നീക്കിയിരുപ്പ് പലിശ, മറ്റ് വരവുകൾ | 2014-15 വർഷം ലഭിച്ച തുക | | | | ആകെ ലഭ്യമായ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|---|---|
| | | കേന്ദ്രം | സംസ്ഥാനം | മറ്റ് വരവുകൾ | ആകെ | | |
| റെക്കറിംഗ് ഗ്രാന്റ് CSS 50:50 | 1929692 | 8975000 | 6829000 | 1994788 | 17798788 | 19728480 | 16419973 |

## III. B. 2014-15 സാമ്പത്തിക വർഷത്തിൽ (31.3.2015 വരെ)പദ്ധതിയേതര (നോൺ പ്ലാൻ) - പുരോഗതി റിപ്പോർട്ട്

| പദ്ധതിയുടെ പേര് | മുൻവർഷത്തെ നീക്കിയിരുപ്പ് പലിശ, മറ്റ് വരവുകൾ | 2014-15 വർഷം ലഭിച്ച തുക | | | | ആകെ ലഭ്യമായ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|---|---|
| | | കേന്ദ്രം | സംസ്ഥാനം | മറ്റ് വരവുകൾ | ആകെ | | |
| നോൺ റെക്കറിംഗ് ഗ്രാന്റ് | 14331648 | 0 | 0 | 249853 | 249853 | 14581501 | 519491 |
| TSST | 170430 | 0 | 0 | 6107 | 6107 | 176537 | 43320 |
| വിവിധ പദ്ധതികൾ/ പ്രോജക്ട് | 42912219 | 2322573 | 1086225 | 2352681 | 5761479 | 48673698 | 4830170 |
| ആകെ | **57414297** | **2322573** | **1086225** | **2608641** | **6017439** | **63431736** | **5392981** |

## IV. 2014-15 സാമ്പത്തിക വർഷത്തെ ഭൗതിക പുരോഗതി റിപ്പോർട്ട്

1. പരിശീലനം

2014-15 സാമ്പത്തിക വർഷത്തിൽ നാളിതുവരെ (31.3.2015) 125 ക്യാമ്പസ് പരിശീലന പരിപാടികളും 35 ഓഫ് ക്യാമ്പസ് പരിപാടികളും (ജെൻഡർ ബഡ്ജറ്റിംങ്ങുമായി ബന്ധപ്പെട്ട് രണ്ടും സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട ഒന്നും, ഗൈഡൻസ് വോളീയേഴ്സുമായി ബന്ധപ്പെട്ട് ഒന്നും, മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട് 31 ഉം) ഉൾപ്പെടെ 160 പരിശീലന പരിപാടികൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു. ആകെ 5509 പേർക്ക് പരിശീലനം നൽകുകയുണ്ടായി. ഇതിലൂടെ 11889 പരിശീലന ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. ആകെ പരിശീലനം ലഭിച്ചവരിൽ 869 ജനപ്രതിനിധികളും 2430 വനിതകളും ഉൾപ്പെടുന്നു.

**പരിശീലന പദ്ധതികൾ സംബന്ധിച്ച് വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.**

**(2014-15)**

| പരിശീലനങ്ങളുടെ എണ്ണം | ഉദ്യോഗസ്ഥർ | ജന പ്രതിനിധികൾ | മറ്റുള്ളവർ | ആകെ | വനിതകൾ | പരിശീലന ദിനങ്ങൾ |
|---|---|---|---|---|---|---|
| കാമ്പസ് പ്രോഗ്രാം- 125 | 2394 | 778 | 877 | 4049 | 2062 | 8717 |
| ഓഫ് കാമ്പസ് - 35 | 1350 | 91 | 19 | 1460 | 368 | 3172 |
| **ആകെ - 160** | **3744** | **869** | **896** | **5509** | **2430** | **11889** |

**ഓരോ വിഭാഗത്തിലും നടത്തിയ പരിശീലനങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ: 2014-15**

| നമ്പർ | പരിശീലന പരിപാടികൾ | പരിശീലനങ്ങളുടെ എണ്ണം | പങ്കെടുത്ത പരിശീലനാർത്ഥികളുടെ എണ്ണം |
|---|---|---|---|
| **I** | **കാമ്പസ് പ്രോഗ്രാം** | | |
| 1 | പഞ്ചായത്തി രാജ് & ഗ്രാമവികസന പദ്ധതികൾ | 49 | 1308 |
| 2 | ലോക്കൽ എക്കണോമിക്ക് ഡെവലപ്പ്മെന്റ് | 6 | 300 |
| 3 | ഐ.ഡബ്ള്യൂ.എം.പി | 7 | 312 |
| 4 | സാഖ്യാ ആപ്ലിക്കേഷൻ | 5 | 161 |
| 5 | എൻ.ഐ.ആർ.ഡി ഓഫ് കാമ്പസ് | 6 | 181 |
| 6 | വിവരാവകാശ നിയമം | 1 | 35 |
| 7 | ആർ ജി പി എസ് എ | 6 | 161 |
| 8 | ഐ.എ.വൈ | 2 | 69 |
| 9 | സോഷ്യൽ ഓഡിറ്റ് | 1 | 32 |
| 10 | മഹാത്മാഗാന്ധി.എൻ.ആർ.ഇ.ജി.എസ് | 20 | 773 |
| 11 | ലാബ് ടു ലാന്റ് ഇനിഷ്യേറ്റീവ് | 2 | 73 |
| 12 | ഗുഡ് ഗവേണൻസ് | 5 | 126 |
| 13 | സ്വച്ച് ഭാരത് മിഷൻ | 5 | 222 |
| 14 | വനിതാ ശാക്തീകരണം | 3 | 79 |
| 15 | കമ്പ്യൂട്ടർ പരിശീലനം | 4 | 92 |
| 16 | എസ് എ ജി വൈ | 3 | 125 |
| | **ആകെ** | **125** | **4049** |
| **II** | **ഓഫ് കാമ്പസ് പ്രോഗ്രാം** | | |
| 1 | സോഷ്യൽ ഓഡിറ്റ് | 1 | 20 |
| 2 | ജെൻഡർ ബഡ്ജറ്റിംഗ് | 2 | 89 |
| 3 | ഗൈഡൻസ് വോളീയേഴ്സ് | 1 | 19 |
| 4 | മഹാത്മാഗാന്ധി എൻ ആർ ഇ ജി എസ് (ഇ റ്റി സി) | 3 | 77 |
| 5 | മഹാത്മാഗാന്ധി എൻ ആർ ഇ ജി എസ് & എൻ ആർ എം | 19 | 767 |
| 6 | **മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് - എക്സ്റ്റൻഷൻ ഓഫീസേഴ്സ്** | 9 | 488 |
| | **ആകെ** | **35** | **1460** |
| | **ആകെ എണ്ണം** | **160** | **5509** |

## V. 2014-15 വർഷം ഉണ്ടായിട്ടുള്ള പ്രധാന നേട്ടങ്ങൾ

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ പ്രകൃതി വിഭവ പരിപാലനം എന്ന വിഷയത്തെപ്പറ്റിയുള്ള പരിശീലനം**

. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധതലത്തിലുള്ള പങ്കാളികൾക്ക് പരിശീലനം നൽകാനായി കേന്ദ്ര ഗ്രാമവികസന മന്ത്രാലയം അനുവദിച്ച് കില, തൃശൂർ മുഖേന എസ് ഐ ആർ ഡി ക്ക് ലഭ്യമാക്കിയ 3,31,36,500/- രൂപയിൽ 1,18,21,982/- രൂപ വിനിയോഗിച്ച് തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് വേണ്ടി ജില്ലാ തലത്തിൽ ഏകദിന പരിശീലനം നടത്തുകയുായി. കൂടാതെ സംസ്ഥാനത്തെ മുഴുവൻ ബി ഡി ഒമാർക്കും ജോയിന്റ് ബി ഡി ഒ മാർക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും അട്ടപ്പാടി അഹാഡ്സിന്റെ സേവനം ഉപയോഗിച്ച് പ്രകൃതി വിഭവ പരിപാലനം സംബന്ധിച്ച് പരിശീലനം നൽകുന്നതിനായി 22,41,300/- രൂപ മുൻകൂറായി അഹാഡ്സ് ഡയറക്ടർ പേർക്ക് സർക്കാർ അനുമതിയോടുകൂടി നൽകിയിരുന്നു. 2014 നവംബർ, ഡിസംബർ മാസങ്ങളിലായി സംസ്ഥാനത്തെ എല്ലാ ബി ഡി ഒ മാർക്കും ജോയിന്റ് ബി ഡി ഒ മാർക്കും പരിശീലനം നൽകി കഴിഞ്ഞു. 2015 ജനുവരി, ഫെബ്രുവരി മാസങ്ങളിലായി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും പരിശീലനം നൽകിയിട്ടുണ്ട്.

**2. മഹാത്മാഗാന്ധി എൻ ആർ ഇ ജി എസ് ഓഫ് കാമ്പസ് പരിശീലനം**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലുള്ള ഫണ്ട് ഉപയോഗിച്ച് സംസ്ഥാനജില്ലാതല ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർക്കുവേണ്ടി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ മുൻഗണനാക്രമത്തിൽ പരിശീലനം നൽകുന്നതിനായി പരിശീലന മൊഡ്യൂൾ തയ്യാറാക്കി സർക്കാരിന്റെ അനുമതിക്ക് സമർപ്പിച്ചു. ആയതിന് സർക്കാർ ഉത്തരവ് (സാധാരണ) നം. 2904/2014/തദ്ദേശസ്വയംഭരണ വകുപ്പ് തീയതി 6.11.2014 പ്രകാരം മൊഡ്യൂൾ അംഗീകരിച്ച് ഉത്തരവായിട്ടു. ആയതിൻപ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലുള്ള ഫണ്ട് ഉപയോഗിച്ച് പരിശീലനം നടത്തുന്നത് സംബന്ധിച്ച് 20.12.2014-ൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു ഏകദിന ശില്പശാല സംഘടിപ്പിക്കുകയും മുൻഗണനാക്രമത്തിൽ അടിയന്തിര പരിശീലനങ്ങൾ വിവിധ പങ്കാളികൾക്ക് നൽകുവാൻ തീരുമാനിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവർക്കായുള്ള പരിശീലനം മേഖലാതലത്തിൽ മൂന്ന് ഇ റ്റി സി കളിലായി പൂർത്തീകരിച്ചിട്ടുണ്ട്. ബ്ലോക്ക് തല എക്സ്റ്റൻഷൻ ഓഫീസർമാർക്കുള്ള പരിശീലനവും പൂർത്തീകരിച്ചിട്ടുണ്ട്.

**3. കുറ്റിച്ചൽ ആദിവാസി സെറ്റിൽമെന്റ് - ഗൈഡൻസ് വോളണ്ടീയർമാരുടെ പരിശീലനം**

തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിലെ ആദിവാസി സെറ്റിൽമെന്റുകളുടെ സാമ്പത്തികമായും സാമൂഹികമായും ആരോഗ്യപരമായും പിന്നോക്കം നിൽക്കുന്ന ആദിവാസി സമൂഹത്തിന്റെ ഉന്നമനത്തിനായി, അവർക്കെല്ലാവിധത്തിലുമുള്ള ബോധവൽക്കരണവും കൗൺസിലിംഗും നൽകുന്നതിനുമായി ബഹു. നിയമസഭാ സ്പീക്കറുടെ നിർദ്ദേശ പ്രകാരം സാമൂഹിക നീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പദ്ധതിയിലേക്ക് തെരെഞ്ഞെടുക്കപ്പെട്ട 21

ഗൈഡൻസ് വോളീയർമാർക്ക് പ്രധാനപ്പെട്ട ക്ഷേമ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുന്നതിനും അവർക്ക് ഹോണറേറിയം നൽകുന്നതിനുമുള്ള നിർവ്വഹണ ചുമതല എസ് ഐ ആർ ഡി യെ ഏല്പിക്കുകയും ചെയ്തു. 22.3.2014 ലെ എഫ് 1 /35592/13 നമ്പർ ഉത്തരവ് പ്രകാരം സാമൂഹിക നീതി വകുപ്പ് ഡയറക്ടർ 10,86,225/- രൂപ എസ് ഐ ആർ ഡി ഡയറക്ടർ പേർക്ക് പ്രസ്തുത ആവശ്യത്തിലേയ്ക്ക് അനുവദിക്കുകയുായി. തെരെഞ്ഞെടുക്കപ്പെട്ട ഗൈഡൻസ് വോളീയർമാർക്ക് പരിശീലനം എസ് ഐ ആർ ഡി മുഖേന നൽകി. ആദിവാസി സെറ്റിൽ മെന്റുക ളിൽ സർവ്വേ നടത്തി അവരുടെ വികസനാവശ്യങ്ങൾ തിട്ടപ്പെടുത്തുകയും ഗുണഭോക്താക്കളെ കണ്ടെത്തി സർക്കാർ ഏജൻസികളിൽ നിന്നും ധനസഹായം ലഭ്യമാക്കുകയും ആദിവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ബോധവൽക്കരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ വാളണ്ടീയർമാരുടെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. 31.03.2015 ന് പ്രോജക്ട് കാലാവധി അവസാനിച്ചു. പ്രോജക്ട് അവസാനിച്ചതിനെ തുടർന്നു ബാക്കി ഫണ്ട് Social Justice Director ക്ക് തിരികെ നൽകിയിട്ടുമുണ്ട്.

4. **ഫാക്കൽറ്റി നിയമനം**

ഇൻസ്റ്റിറ്റ്യൂട്ടിന് നിലവിൽ ഗ്രാമവികസനം, പബ്ലിക് അഡ്മിനിസ്ട്രേഷൻ, ,സോഷ്യോളജി, റൂറൽ എക്കണോമിക്സ്, റൂറൽ മാനേജ്മെന്റ് എന്നിങ്ങനെ 5 അംഗീകൃത ഫാക്കൽറ്റി തസ്തികകളാണ് ഉള്ളത്. ആയതിൽ പബ്ലിക് അഡ്മിനിസ്ട്രേഷന് സ്ഥിര ഫാക്കൽറ്റിയും, ഗ്രാമവികസന വകുപ്പിൽ നിന്നുമുള്ള ജോയിന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥൻ ഡെപ്യൂട്ടേഷൻ വ്യവസ്ഥ യിലാണ് ഗ്രാമവികസനത്തിൽ ഫാക്കൽറ്റിയായി ജോലി നോക്കിവരുന്നത്. റൂറൽ എക്കണോമിക്സിന് കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്ന ഫാക്കൽറ്റിയാണ് ഉള്ളത്. സോഷ്യോളജി, റൂറൽ മാനേജ്മെന്റ്, പ്രകൃതി വിഭവ മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ കോൺട്രാക്ട് അടിസ്ഥാന ത്തിൽ ഫാക്കൽറ്റി അംഗങ്ങളെ നിയമിക്കുന്നതിന് അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പത്രപരസ്യം നൽകി ഇന്റർവ്യൂ നടത്തി താഴെപ്പറയുന്നവരെ നിയമിച്ചിട്ടുണ്ട്.

1. ശ്രീ. എബിൻ വർഗീസ് - ഫാക്കൽറ്റി (പ്രകൃതി വിഭവ പരിപാലനം)
2. ഡോ. ജിബിനി വി കുര്യൻ - ഫാക്കൽറ്റി (മാനേജ്മെന്റ്)
3. ഡോ. എസ്. വിനോദ് - ഫാക്കൽറ്റി (സോഷ്യോളജി)

കൂടാതെ ആർ ജി പി എസ് എ സ്കീമിലെ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റിലേയ്ക്ക് സോഷ്യോളജി, പൊളിറ്റിക്കൽ സയൻസ്/ വിമൻസ് സ്റ്റഡീസ് വിഭാഗങ്ങളിൽ സ്പെഷ്യലിസ്റ്റ് തസ്തികയിൽ ഓരോരുത്തരെ നിയമിക്കുന്നതിന് അനുമതി ലഭിക്കുകയും ആയതിന്റെ അടിസ്ഥാന ത്തിൽ ശ്രീമതി. ഷെറിൻ ചാക്കോയെ സ്പെഷ്യലിസ്റ്റ് (സോഷ്യോളജി) ആയും ഡോ. അമൃതരാ ജിനെ സ്പെഷ്യലിസ്റ്റ് (വിമൻസ് സ്റ്റഡീസ്) ആയും നിയമിച്ചിട്ടുണ്ട്.

**5. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി -പഠനം**

2012-13 വർഷത്തിൽ 10 ജില്ലകളിലെ മഹാത്മാ ഗാന്ധി എൻ.ആർ.ഇ.ജി.എസ് ഇവാലുവേഷൻ പഠനത്തിനായി 56,00,000/-രൂപ ലഭ്യമായിട്ടുണ്ട്. ആയത് ഫലപ്രദമായി ഉപയോഗിക്കുന്നതിനായി കേരള യൂണിവേഴ്സിറ്റി, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷൻ സ്റ്റഡീസ്, ഗാന്ധിഗ്രാം യൂണിവേഴ്സിറ്റി, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എന്നീ സ്ഥാപനങ്ങളെ പഠനം നടത്താൻ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനായി 19,80,000/- രൂപ 2013-14 സാമ്പത്തിക വർഷത്തിലും 2014-2015 സാമ്പത്തിക വർഷത്തിൽ (31.10.2014 വരെ) 14,40,000/- രൂപയും ഉൾപ്പെടെ 34,20,000/- ചെലവഴിച്ചിട്ടുണ്ട്. എല്ലാ ജില്ലകളുടേയും പഠനറിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ആയതിന്റെ സമാഹൃതരൂപം തയ്യാറാക്കി പ്രസിദ്ധീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**6. GIS ലാബ് സജ്ജീകരണം**

ഗ്രാമവികസനവുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പദ്ധതികളെ നൂതന സാങ്കേതിക വിദ്യകളുമായി ബന്ധപ്പെടുത്തി ആധുനികവല്കരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു GIS ലാബ് സജ്ജീകരിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ദേശീയഗ്രാമ വികസന ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർദ്ദേശപ്രകാരം ലാബിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലാബ് സജ്ജീകരിക്കുന്നതിലേക്ക് കമ്പ്യൂട്ടർ, സെർവർ, പ്ലോട്ടർ എന്നിവ ദേശീയ ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട് ലഭ്യമാക്കിയിട്ടുണ്ട്. ലാബിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി NIRD&PR നിയോഗിച്ച പ്രോജക്ട് എഞ്ചീനീയർമാരിൽ ഒരാൾ മാത്രമാണ് നിലവിലുള്ളത്. മറ്റൊരാളിന്റെ നിയമനവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**7. അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം**

കേന്ദ്ര ഗ്രാമവികസന മന്ത്രാലയം 2007-08 കാലയളവിൽ നോൺ റെക്കറിംഗ് ഗ്രാന്റ് ഇനത്തിൽ നിർമ്മാണപ്രവർത്തനങ്ങൾക്കായി 157.86 ലക്ഷം രൂപയ്ക്ക് അനുമതി നല്കുകയും, ആയതിൽ 89.70 ലക്ഷം രൂപ ആദ്യഗഡുവായി അനുവദിക്കുകയും ചെയ്തിരുന്നു. 25.8.2009-ലെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം അക്കാഡമിക് ബ്ലോക്ക്, ഡയറക്ടറുടെ വസതി, സ്റ്റാഫ് ക്വാർട്ടേഴ്സ് ടൈപ്പ്-എ എന്നീ നിർമ്മാണപ്രവർത്തികൾക്കായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ ചുമതലപ്പെടുത്തുകയും അവർ അക്കാഡമിക് ബ്ലോക്ക്, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രഗ്രാമവികസന മന്ത്രാലയം 2011-12 കാലയളവിൽ ഒരു കോടി രൂപ നോൺ റെക്കറിംഗ് ഗ്രാന്റ് ഇനത്തിൽ അനുവദിച്ചിരുന്നു. 24.03.2014-ലെ എക്സിക്യൂട്ടീവ് കമ്മിറ്റി പ്രസ്തുത തുക ഉപയോഗിച്ച് അക്കാദമിക് കെട്ടിടത്തിന്റെ ട്രസ്സ് വർക്ക്, സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ നവീകരണം, അക്കാഡമിക് ബ്ലോക്ക്, ഹോസ്റ്റൽ/മെസ്സ് ഹാളുകൾ തമ്മിൽ ബന്ധിപ്പിച്ച് നടപ്പാത, സെക്യൂരിറ്റി കാബിൻ, ഗാരേജ് എന്നീ നിർമ്മാണ പ്രവർത്തനങ്ങൾ BSNL മുഖേന നടപ്പിലാക്കുവാൻ അനുമതി നല്കുകയുണ്ടായി. പ്രവർത്തികൾ നടത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

8. ട്രെയിനിംഗ് മാനേജ്മെന്റ് പോർട്ടൽ

പരിശീലന പരിപാടികൾ വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ കാര്യക്ഷമമായി നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ ട്രെയിനിംഗ് മാനേജ്മെന്റ് പോർട്ടൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിക്കുകയുായി. ടി പദ്ധതിയുടെ രൂപീകരണം സംബന്ധിച്ച് NIC, ന്യൂഡൽഹിയുമായി ആദ്യഘട്ട ചർച്ചകൾ പൂർത്തീയാക്കുകയും തുടർ നടപടികൾക്കായി NIC ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടു്. ട്രെയിനിംഗ് മാനേജ്മെന്റ് പോർട്ടൽ സ്ഥാപിക്കുന്ന രാജ്യത്തെ ആദ്യ SIRD യാണ് കേരളത്തിലെ SIRD എന്നത് അഭിമാനാർഹമായ നേട്ടമാണ്.

## VI. 2014-15 സാമ്പത്തിക വർഷം നടത്തിയിട്ടുള്ള സെമിനാർ/ശില്പശാല/ മീറ്റിംഗുകൾ

- സാംഖ്യാ പരിശീലനം
- സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ശില്പശാല
- IWMP-SAMUNYA- ശില്പശാല
- RGPSA- ശില്പശാല
- OMMAS- പരിശീലനം
- IAY-- ശില്പശാല
- Social Audit- ശില്പശാല
- Resource Faculty അംഗങ്ങൾക്കുള ലക്ചർ സീരീസ് - ശില്പശാല
- SAGY - ശില്പശാല
- IEC Experience sharing - ശില്പശാല
- Action Plan 2014-15 - Review meeting
- TNA Workshop- പരിശീലന കലണ്ടർ 2014-15
- Exposure visit – Officials and Elected representatives from Tripura and Odisha
- Gender Budgeting programme- വനിതാ ശിശുവികസന മന്ത്രാലയം
- ജലസംരക്ഷണ ശില്പശാല

## VII. അടിസ്ഥാന സൗകര്യങ്ങളെ സംബന്ധിച്ച വിവരം

| | | | |
|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് | - | 1 | (10000 ച.അടി) |
| ലക്ചർ ഹാൾ | - | 2 | (എ സി- i 100 സീറ്റ്/ii 50 സീറ്റ്) |
| ഹോസ്റ്റൽ ബ്ലോക്ക് | - | 2 | (20565 ച. അടി)- 20 എസി റൂമുകൾ ഉൾപ്പെടെ 50 ഡബിൾ റൂം- 100 പേർക്ക് താമസിക്കാവുന്നത്. |
| ലൈബ്രറി | - | 1 | (1650 ച.അടി)-5000 പുസ്തകങ്ങൾ ഉൾക്കൊള്ളുന്നത്. |
| വാഹനങ്ങൾ | - | 4 | (ബസ്-1, കാർ-3) |
| അനക്സ് കെട്ടിടം | - | 1 | (5000ച. അടി) 4 ലക്ചർ ഹാളുകൾ ഉൾപ്പെടെ 6 ഹാളുകൾ. |

അക്കാഡമിക് കെട്ടിടം(പുതിയത്)- 1 നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്

സ്റ്റാഫ് ക്വോർട്ടേഴ്സ് ടൈപ്പ് എ - 1 നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്

## VIII. വിവരാവകാശനിയമം

ഓഫീസർമാരുടെ പേരുവിവരം

അപ്പലേറ്റ് അതോറിറ്റി - ശ്രീ. അജയകുമാർ. വി
ഡയറക്ടർ, എസ് ഐ ആർ ഡി

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ- ശ്രീ. ആർ. ഷിബു
ഓഫീസ് മാനേജർ

അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ- ശ്രീ. എൻ. അനിൽകുമാർ
അസിസ്റ്റന്റ്

2014-15 ലഭിച്ച പരാതികൾ സംബന്ധിച്ച വിവരം

| ലഭിച്ച പരാതികളുടെ എണ്ണം | തീർപ്പാക്കയവയുടെ എണ്ണം | നിലവിലുള്ളത് | ഫീസിനത്തിൽ ലഭിച്ച തുക | വിവരം നൽകാത്തതിനാൽ ചുമത്തപ്പെട്ട പിഴ |
|---|---|---|---|---|
| 9 | 9 | ഇല്ല | ഇല്ല | ഇല്ല |

ഡയറക്ടർ